LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ വകുപ്പുകളുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിക്കിയിരിപ്പുള്ള തുക

195 (535) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവസ്വം നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് കൈമാറിയതായ തുകകൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷം ആരംഭിച്ചപ്പോൾ സംസ്ഥാനത്തെ ഓരോ ഡിപ്പാർട്ടുമെന്റിനും ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലായി നിക്കിയിരിപ്പുണ്ടായിരുന്ന തുക എത്ര കോടി വീതമായിരുന്നു ;

(സി) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം മുൻവർഷങ്ങളിലെ പദ്ധതി തുകകളുടെ ഇനത്തിൽ ഓരോ സർക്കാർ വകുപ്പുകളുടെയും ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിക്കിയിരിപ്പുള്ള തുക എത്ര കോടി വീതമാണ്, വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

നിർത്തൽ ചെയ്യേണ്ടതായ തസ്തികകൾ/സംബന്ധിച്ച്

196 (536) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവസ്വംനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിന്റെ ഹൈപവർ കമ്മിറ്റി കണ്ടെത്തിയ നിർത്തൽ ചെയ്യേണ്ടതായിട്ടുള്ള തസ്തികകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഫിനാൻസ് എക്സ്പെൻഡിച്ചർ സെക്രട്ടറി ഇത് സംബന്ധമായി സർക്കാരിന് സമർപ്പിച്ച ശിപാർശയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഏതെല്ലാം സർക്കാർ വകുപ്പുകളിൽ എത്ര വീതം തസ്തികകൾ ആവശ്യമില്ലാത്തതായി ശിപാർശ ചെയ്യുകയുണ്ടായി ; വിശദമാക്കാമോ ;

(ഡി) ആവശ്യമില്ലാത്തതായി കണ്ടെത്തിയ തസ്തികകൾക്കായി പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ ഹൈപവർ സെക്രട്ടറി നിർത്തൽ ചെയ്യേണ്ടതായിട്ടുള്ള തസ്തികകൾ കണ്ടെത്തിയിട്ടില്ല.

(ബി) ഫിനാൻസ് എക്സ്പെന്റിച്ചർ കമ്മിറ്റി ഇത് സംബന്ധമായി സർക്കാരിന ശിപാർശ സമർപ്പിച്ചിട്ടില്ല.

(സി&ഡി) ബാധകമല്ല

കേന്ദ്ര സഹായം

197 (537) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര സഹായവും വിഹിതവും യഥാസമയം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) കേന്ദ്ര സഹായത്തിന്റെ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന് കാരണമായിട്ടുണ്ടോ ;

(ഡി) കേന്ദ്ര സഹായത്തിന്റെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മിഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്ര നികുതി വിഹിതം യഥാസമയം ലഭിക്കുന്നുണ്ട്. ഗാഡ്ഗിൽ-മുഖർജി ഫോർമുല പ്രകാരമുള്ള ധനസഹായവും തവണകളായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാന പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതവും ലഭിച്ചുവരുന്നുണ്ട്. ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകൾ, കേന്ദ്ര പദ്ധതികൾ/കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ധനസഹായം എന്നിവ മുൻകാലങ്ങളിൽ ലഭിച്ച തുകകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതനുസരിച്ചാണ് ലഭിക്കുന്നത്. അതിനാൽ ഈ സാമ്പത്തിക വർഷം തീരുന്നമുറയ്ക്ക് മാത്രമേ ഇവയിലെ കുറവ് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.